ഉത്തരം

(എ) നാലാം സംസ്ഥാന ധനകാര്യ കമ്മീഷന്റെ ശുപാർശകൾ പ്രകാരം 2013-14 സാമ്പത്തിക വർഷം പദ്ധതി പദ്ധതിയേതര റവന്യൂ ചെലവുകൾക്കായി ബ്ലോക്ക് പഞ്ചായത്തുകൾക്ക് 617,54,24,000 രൂപ ബജറ്റിൽ വകയിരുത്തിയിരുന്നു.

(ബി)

(തുക ലക്ഷത്തിൽ)

	കൈമാറിയ തുക	മുൻബാക്കി	ആകെ	ചെലവ്
പദ്ധതിയിനം വികസന ഫണ്ട്	53157.8	7399.9	60557.7	55258.8
പദ്ധതിയേതര മെയിന്റനൻസ് ഫണ്ട്	4893.84	2064.2	6958.04	6033.8

(സി)

(തുക ലക്ഷത്തിൽ)

	നീക്കിവച്ച തുക	ചെലവഴിച്ച തുക
പദ്ധതി ഇനം	67716.31	56738.54
പദ്ധതിയേതരം	7289.9	5128.04

പബ്ലിക് പോളിസി റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട്

47 (1415) ശ്രീ. ജെയിംസ് മാത്യു : താഴെ കാണുന്ന ചോദ്യത്തിന് ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

പബ്ളിക് പോളിസി റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട് സ്ഥാപിക്കാൻ തീരുമാനിച്ചിട്ടുണ്ടോ ; എങ്കിൽ ആയതിന്റെ ഘടനയും പ്രവർത്തനവും വിശദമാക്കാമോ ; ഇതിനകം സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ ?

852/2017.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

തിരുവനന്തപുരം ആസ്ഥാനമാക്കി പബ്ലിക്ക് പോളിസി റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട് സ്ഥാപിക്കാൻ തീരുമാനിച്ചിട്ടുണ്ട്. 13-2-2013 തീയതിയിലെ സ.ഉ.(പി)നമ്പർ78/2013/ധന ഉത്തരവ് പ്രകാരം പബ്ലിക് പോളിസി റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട് രൂപീകരിക്കുന്നതിന് അനുമതി നൽകിയിട്ടുണ്ട്. സെന്റർ ഫോർ ഡെവലപ്പ്മെന്റ് സ്റ്റഡീസിന്റെ മാതൃകയിൽ ആണ് പബ്ലിക് പോളിസി റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട് പ്രവർത്തിക്കാൻ ഉദ്ദേശിക്കുന്നത്. കേരള സമൂഹവും സമ്പദ് വ്യവസ്ഥയും നേരിടുന്ന പ്രശ്നങ്ങൾ പരിഹരിക്കുന്നതിനായി വിവിധ മേഖലകളിലെ ഗവേഷണവും ഡോക്യുമെന്റേഷനും ഏറ്റെടുത്തുകൊണ്ട് അറിവിന്റെ ഉൽപ്പാദനത്തിന്റെയും വ്യാപനത്തിന്റെയും കേന്ദ്രമായി പ്രവർത്തിക്കുക എന്നതാണ് പബ്ലിക് പോളിസി റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ടിന്റെ പ്രധാന പ്രവർത്തന മേഖല. 31-3-2015 തീയതിയിലെ സ.ഉ.(സാധാ) നമ്പർ 3307/2015/ധന. നമ്പർ ഉത്തരവ് പ്രകാരം പബ്ലിക് പോളിസി റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട് രൂപീകരിക്കുന്നത് സംബന്ധിച്ച പ്രോജക്ട് റിപ്പോർട്ട് സർക്കാർ അംഗീകരിച്ചിട്ടുണ്ട്. ഇതുകൂടാതെ ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി അദ്ധ്യക്ഷനായും റിസർവ് ബാങ്ക് മുൻ ഗവർണർ ഡോ. സി. രംഗരാജൻ സഹ അദ്ധ്യക്ഷനായും പ്രൊഫ. എം. എസ്. സ്വാമിനാഥൻ, ഡോ. എം. എസ്. വല്യത്താൻ, ചീഫ് സെക്രട്ടറി, ഡോ. എം. എ. ഉമ്മൻ,ഡോ. ആർ. വി. ജി. മേനോൻ, ശ്രീ പി. സി. സിറിയക്ക്, ശ്രീ. കൊച്ചൗസേപ്പ് ചിറ്റിലപ്പള്ളി എന്നിവരടങ്ങിയ ഒരു ഭരണ സമിതി പബ്ലിക് പോളിസി റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ടിന്റെ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനായി രൂപീകരിച്ചിട്ടുണ്ട്. സ്പെഷ്യൽ ഓഫീസറായ ഡോ. ജോസ് ജേക്കബിനെ പബ്ലിക് പോളിസി റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ടിന്റെ എക്സ് ഒഫിഷ്യോ സെക്രട്ടറിയായി നിയമിച്ചിട്ടുണ്ട്.

സംസ്ഥാന ആസൂത്രണ ബോർഡിന്റെ ഘടന

48 (1416) ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാന ആസൂത്രണ ബോർഡിന്റെ ഘടനയിൽ എന്തെങ്കിലും മാറ്റം വരുത്തുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ ; വിശദാംശങ്ങൾ നൽകാമോ ;

(ബി) ആയത് സംബന്ധിച്ച നിർദ്ദേശം കേന്ദ്രത്തിൽനിന്നും ലഭിച്ചിട്ടുണ്ടോ ;

(സി) കേന്ദ്ര ആസൂത്രണബോർഡ് പിരിച്ചുവിട്ട് നീതി ആയോഗ് രൂപീകരിച്ചതുമൂലം സംസ്ഥാനത്ത് പദ്ധതി പ്ലാനിംഗിൽ എന്തെങ്കിലും പ്രയാസം നേരിടുന്നുണ്ടോ എന്ന് വ്യക്തമാക്കുമോ ?